# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 13/ 10/ 2019

## അനധികൃതമായി വ്യാജ പാസ്സിന്റെ മറവിൽ മണ്ണ് കടത്തുന്ന സംഘം അറസ്റ്റിൽ

ജില്ലയിലെ മണ്ണു കടത്തൽ സംഘങ്ങളെ കേന്ദ്രീകരിച്ച് നടത്തിയ രഹസ്യ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് മേധാവി ശ്രീ. പി കെ മധു ഐ പി എസ് അവർകൾ നല്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ചാത്തന്നൂർ അസ്സി: പോലീസ് കമ്മീഷണർ ശ്രീ ജോർജ് കോശിയുടെ നേതൃത്വത്തിൽ , ചാത്തന്നൂർ , കൊട്ടിയം, കണ്ണനല്ലൂർ മേഖലകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ അന്തർ ജില്ലാ വ്യാജ പാസ് നിർമാണ സംഘത്തെയും വാഹനത്തെയും പിടികൂടി.

കസ്റ്റഡിയിൽ എടുത്തവരിൽ വാഹനത്തിന്റെ രജിസ്റ്റേർഡ് ഉടമസ്ഥനും ഉൾപ്പെടുന്നു. ചെമ്പഴന്തി സ്വദേശികളായ ദീപു,ദീപ ഭവൻ , ചാരുമ്മൂട്, ഷഹീൻ ,ഹമീദ് വില്ല , കല്ലടിച്ചാവിള എന്നിവരെയാണ് കണ്ണനല്ലൂർ പോലീസ് അറസ്റ്റ് ചെയ്തത്. അറസ്റ്റിനെ തുടർന്നു മൈനിങ് ആന്റ് ജിയോളജി വിഭാഗവും പോലീസും ചേർന്ന് വ്യാജ പാസിനെ കുറിച്ച് വിശദമായ അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിൽ വ്യാജ പാസ് നിർമാണ സംഘത്തിൽ ഇനിയും ആളുകൾ ഉണ്ടെന്നുള്ള സൂചന ലഭിച്ചിട്ടുണ്ട്. വരും ദിവസങ്ങളിൽ പരിശോധന കൂടുതൽ ശക്തമാക്കുമെന്നും രാത്രി പകൽ ഭേദമന്യേ ഹൈവെയിലും, മറ്റു വഴികളിലും വാഹന പരിശോധന നടത്തുമെന്നും ചാത്തന്നൂർ എ സി പി ശ്രീ ജോർജ് കോശി അറിയിച്ചു. മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ ആൺഡ്രോയിട് ആപ്ലിക്കേഷനായ കോംപാസിലൂടെ e-പാസിന്റെ ആധികാരികത പൊലീസിന് ഉറപ്പ് വരുത്താമെന്നിരിക്കെ, ഒരിക്കൽ എടുത്ത പാസിൽ കംപ്യൂട്ടർ സഹായത്തോടെ പാസ് ഐ ഡി കളിലും തീയതികളിലും കൃത്രിമം നടത്തിയാണ് ഈ സംഘം അനധികൃതമായി മണ്ണ് കടത്തിയിരുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ലോബികളെ പറ്റി അന്വേഷണം ആരംഭിച്ചു. ചാത്തന്നൂർ അസ്സി പോലീസ് കമ്മീഷണർ ജോർജ് കോശിയുടെ നേതൃത്വത്തിൽ കണ്ണനല്ലൂർ ഇൻസ്പെക്ടർ എസ് എച്ച് ഒ ശ്രീ യു പി വിപിൻ കുമാർ , സബ് ഇൻസ്പെക്റ്റർ ജെ കെ ജയശങ്കർ,മനോഹരൻ, ഗ്രേഡ് സബ് ഇൻസ്പെക്ടർ മാരായ വിജയൻപിള്ള,സുന്ദരേശൻ, സിപിഒ മാരായ സതീഷ് കുമാർ, ലാലു മോൻ, മണികണ്ഠൻ എന്നിവരടങ്ങിയ സം ഘമാണ് പരിശോധനയിൽ പങ്കെടുത്തത്.